സമയബന്ധിതമായി ഈ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(9) തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന കോഴികൾക്ക് ടാക്സ് ഏർപ്പെടുത്തൽ

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ പതിനായിരക്കണക്കിന് കോഴികർഷകർ നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ഒരുലക്ഷത്തിലധികം പൗൾട്രി ഫാമുകൾ കേരളത്തിലുണ്ട്. ഏകദേശം 5 ലക്ഷം കർഷകകുടുംബങ്ങൾ അവരുടെ ഉപജീവനമാർഗ്ഗമായി ഈ പൗൾട്രിഫാമുകളെ ആശ്രയിക്കുകയാണ്. അടുത്തകാലത്തായി തമിഴ്നാട്ടിൽനിന്ന് നിർബാധം വന്നുകൊണ്ടിരിക്കുന്ന കോഴികൾ കേരളത്തിന്റെ മാർക്കറ്റ് പിടിച്ചടക്കിക്കൊണ്ടിരിക്കുകയാണ്. 50 കോടി രൂപയിലധികം റ്റേൺ ഓവറുള്ള ബിസിനസ് നടത്തുന്ന പൗൾട്രി ഫാമുകളുള്ള ഉടമകളാണ് തമിഴ്നാട്ടിലുള്ളത്. നമ്മുടെ ചെക്ക്പോസ്റ്റുകളിലൂടെ വന്ന് ടാക്സ് വെട്ടിച്ചുകൊണ്ട് അവർ നമ്മുടെ മാർക്കറ്റ് കൈയടക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ തമിഴ്നാട്ടിൽനിന്ന് ഇന്റഗ്രേഷൻ എന്നുപറഞ്ഞ് നമ്മുടെ പരമ്പരാഗതമായ പൗൾട്രിഫാമുകളെ തകർത്തുകൊണ്ട് ഇന്റഗ്രേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. 'ഓൺ യൂസ്' എന്ന പേരിൽ ടാക്സില്ലാതെ കോഴിത്തീറ്റകൾ ഇവിടെ കൊണ്ടുവന്ന് നമ്മുടെ മാർക്കറ്റ് കൈയടക്കുകയാണ്. അതുപോലെ ചെക്ക്പോസ്റ്റുകളിൽക്കൂടി കാളിറ്റി ചെക്കില്ലാത്ത യാതൊരുവിധ ഗുണമേന്മയും ഉറപ്പുവരുത്താതെ ലക്ഷക്കണക്കിന് കോഴികൾ ദിവസേന നമ്മുടെ മാർക്കറ്റിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും വിശാലമായ മാർക്കറ്റ് (കോഴിയിറച്ചിയുടെ മാർക്കറ്റ്) കൈയടക്കുന്നതിനുവേണ്ടിയുള്ള വലിയ ഒരു പരിശ്രമമാണ് തമിഴ്നാട് പൗൾട്രിഫാം ലോബി നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെടേണ്ടതുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യമെടുത്ത് ടാക്സ് വെട്ടിച്ചുകൊണ്ടുവരുന്ന കോഴികൾക്ക് ന്യായമായ രീതിയിൽ തീരുമാനിക്കപ്പെടുന്ന ടാക്സ് ചുമത്തുന്നതിനും അതുപോലെ 'ഓൺ യൂസ്' എന്ന പേരിൽ ഇവിടെ കൊണ്ടുവരുന്ന കോഴിത്തീറ്റകൾക്ക് ടാക്സ് ഏർപ്പെടുത്തുന്നതിനും കേരളത്തിലെ കോഴികർഷകരിൽനിന്ന് കോഴിത്തീറ്റയുടെ പേരിൽ ഈടാക്കുന്ന ടാക്സ് സബ്സിഡിയായി കോഴിക്കർഷകർക്ക് തിരിച്ചുനൽകുന്നതിനു കോഴിക്കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകി അവരെ സംരക്ഷിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരളത്തിൽ വളർത്തി വിപണനം ചെയ്യുന്ന ഇറച്ചിക്കോഴികളെ വിൽപ്പനനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇറക്കുമതി ചെയ്യപ്പെടുന്ന കോഴികൾ വിൽപ്പനനികുതിക്ക് വിധേയമാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും മതിയായ രേഖകളില്ലാതെ കൊണ്ടുവരുന്ന കോഴികൾക്ക് ചെക്ക്പോസ്റ്റുകളിൽ നിയമപ്രകാരമുള്ള ജാമ്യസംഖ്യ നൽകിയശേഷം മാത്രമേ സംസ്ഥാനത്ത് വിപണനം നടത്താൻ സാധിക്കുകയുള്ളൂ. നിലവിലുള്ള നിയമപ്രകാരം ഇറക്കുമതി ചെയ്യപ്പെടുന്ന കോഴികൾക്ക് 10 ശതമാനം വിൽപ്പന നികുതി നൽകേണ്ടതുണ്ട്. ആവശ്യമായ രേഖകളില്ലാതെ കൊണ്ടുവ

LIBRARY ARCHIVES Kerala Legislative Assembly

രുന്ന കോഴികൾക്ക് നികുതിയുടെ ഇരട്ടി ജാമ്യസംഖ്യ ഈടാക്കിയാണ് സംസ്ഥാനത്തിനകത്ത് കടത്തിവിടുന്നത്. 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗം ഇറക്കുമതി ചെയ്യപ്പെടുന്ന കോഴികളെ പരിശോധിച്ച് നികുതി നൽകിയിട്ടില്ലായെങ്കിൽ നികുതി വസൂലാക്കും. കേരളത്തിലെ കോഴിക്കർഷകരെ സഹായിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനത്തെ കോഴിക്കർഷകരെ മാത്രം നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നത്. കേരളത്തിലെ കോഴിക്കർഷകർ സംസ്ഥാനത്തിനു പുറത്തുനിന്നും കോഴിക്കുഞ്ഞുങ്ങളെക്കൊണ്ടുവന്ന് വളർത്തി വിറ്റാലും അവർ നികുതിയിളവിന് അർഹരാണ്. കേരളത്തിൽ വളർത്തുന്ന കോഴികൾക്ക് ആവശ്യമായ തീറ്റ അന്യസംസ്ഥാനങ്ങളിൽനിന്നും മതിയായ രേഖകളോടെ കൊണ്ടുവന്നാൽ അത് തടയാൻ വിൽപ്പന നികുതി നിയമം അനുവദിക്കുന്നില്ല. കേരളത്തിലെ കോഴിക്കർഷകരെ സഹായിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ ചെയ്യുന്നതാണ്. സംസ്ഥാനത്തിനു പുറത്തുനിന്ന് കൊണ്ടുവരുന്ന കോഴികൾ രോഗഗ്രസ്ഥമാണെങ്കിൽ അവയെ നിരോധിക്കാവുന്നതാണ്. എന്നാൽ ഇത് വിൽപ്പനനികുതി നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ഏതായാലും നികുതിവെട്ടിപ്പ് നടത്തി കോഴികളെ ഇങ്ങോട്ട് കൊണ്ടുവരുന്നത് നിയമവിരുദ്ധമാണ്. ആ നിയമവിരുദ്ധമായ പ്രവർത്തനം തടയുന്നതിനും കർശനമായ നടപടിയെടുക്കുന്നതിനും, കോഴിയെ കൊണ്ടുവരുന്ന വാഹനം കണ്ടുകെട്ടുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(10) വർക്കലയിൽ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് വേണമെന്ന ആവശ്യം

ശ്രീ. എ. അലിഹസ്സൻ : സർ, വർക്കലയിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് അനുവദിക്കണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ജനസംഖ്യയിലും വിസ്തൃതിയിലും, തിരുവനന്തപുരം ജില്ലയിൽ ഏറ്റവും വലിയ മണ്ഡലമാണ് വർക്കല. വർക്കല, കല്ലമ്പലം, ഇടവ, കെടാകുളം, പാലച്ചിറ എന്നീ സെക്ഷനുകളിലായി അമ്പതിനായിരത്തിൽപരം വൈദ്യുതി ഉപഭോക്താക്കളുണ്ട്. ഇവയിൽ വർക്കലയും കല്ലമ്പലവും മേജർ സെക്ഷനുകളാണ്. വർക്കല 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്തി അതിന്റെ ജോലി ആരംഭിക്കാൻ പോവുകയാണ്. വർക്കലയിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്നുള്ള ആവശ്യം ഉന്നയിക്കപ്പെട്ടിട്ട് വർഷങ്ങൾ ഏറെയായി. ആര്യനാട് എം.എൽ.എ. ശ്രീ. ജി. കാർത്തികേയൻ വർക്കല സ്വദേശിയാണ്. അദ്ദേഹം ജനിച്ചതും വളർന്നതും പഠിച്ചതും വർക്കലയിലാണ്. അദ്ദേഹത്തെ രണ്ടുമൂന്നുവർഷക്കാലം പഠിപ്പിക്കാൻ എനിക്കു കഴിഞ്ഞു. അതിലെനിക്ക് സന്തോഷമുണ്ട്. അദ്ദേഹം വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ ഇവിടെ ഇലക്ട്രിക്കൽ ഡിവിഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. പക്ഷേ നടന്നില്ല. വൈദ്യുതി ഉൽപ്പാദനരംഗത്തും വിതരണരംഗത്തും അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പാലച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ മേജർ സെക്ഷനാക്കുന്നതോടൊപ്പംതന്നെ വർക്കലയിൽ ഡിവിഷൻ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഊർജ്ജസ്വലനായ, കർമ്മനിരതനായ വൈദ്യുതി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, നിലവിലുള്ള ആറ്റിങ്ങൽ ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിച്ച് വർക്കല

LIBRARY ARCHIVES Kerala Legislative Assembly